## പതിനാലാം കേരള നിയമസഭ

### ഒമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2607** **06/02/2018-ൽ മറുപടിയ്ക്ക്**

**<u>പട്ടികവർഗ്ഗ വികസനം</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ഷാഫി പറമ്പിൽ :** | | **ശ്രീ. എ.കെ.ബാലൻ**<br>**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി)** | |
| **(എ)** | 2016-17-ലെ സംസ്ഥാന ബഡ്ജറ്റിൽ പട്ടികവർഗ്ഗ വികസനത്തിനായി എത്ര തുക വകയിരുത്തിയിരുന്നു; അതിൽ എത്ര തുക ചെലവഴിച്ചു എന്നറിയിക്കാമോ ; | **(എ)** | 2016-17-ലെ സംസ്ഥാന ബഡ്ജറ്റിൽ പട്ടികവർഗ്ഗ വികസനത്തിനായി പ്രതീക്ഷിത കേന്ദ്രവിഹിതമുൾപ്പെടെ 823.46 കോടി രൂപ വകയിരുത്തിയിരുന്നു. അതിൽ 687.49 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |
| **(ബി)** | പട്ടിക വർഗ്ഗ വികസനത്തിനായി 2017-18-ൽ വകയിരുത്തിയിരുന്ന തുക എത്രയാണ്; അതിൽ എത്ര തുക 2017 ഡിസംബർ 31 വരെ ചെലവഴിച്ചു എന്നറിയിക്കാമോ; | **(ബി)** | 2017-18 സാമ്പത്തിക വർഷം പട്ടികവർഗ്ഗ വികസനത്തിനായി പ്രതീക്ഷിത കേന്ദ്രവിഹിതമുൾപ്പെടെ 892.92 കോടി രൂപ വകയിരുത്തിയിരുന്നു. അതിൽ 2017 ഡിസംബർ 31 വരെ 299.22 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |
| **(സി)** | പദ്ധതി വിഹിതം കാലേക്കൂട്ടി ചെലവഴിക്കുന്നതിനും അനുവദിച്ച തുക ലാപ്സ് ആകുന്നില്ലായെന്നു ഉറപ്പു വരുത്തുന്നതിനും വകുപ്പിലുണ്ടാക്കിയിട്ടുള്ള സംവിധാനം എന്താണ്; വ്യക്തമാക്കാമോ; | **(സി)** | പട്ടികവർഗ്ഗക്കാർക്കായി ആവിഷ്കരിച്ച പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് ഊരുകൂട്ട തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് പദ്ധതികൾ രൂപീകരിക്കുന്നത്. സർക്കാർ പ്രഖ്യാപിക്കുന്ന പദ്ധതികൾ അർഹതപ്പെട്ട പട്ടികവർഗ്ഗക്കാർക്ക് തന്നെ ലഭിക്കുന്നുവെന്ന് ഉറപ്പു വരുത്തുന്നതിനായി ജില്ലാതലത്തിൽ പട്ടികവർഗ്ഗമേഖലയിൽ ഏറ്റവും താഴെ തട്ടിൽ പ്രവർത്തിച്ചുവരുന്ന പ്രമോട്ടർമാർ മുതൽ ജില്ലാ ഓഫീസർമാർ വരെ പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനായി പ്രവർത്തിച്ചു വരുന്നു. പട്ടികവർഗ്ഗക്കാർക്കുള്ള നിലവിലുള്ള എല്ലാ സാമ്പത്തിക ആനുകൂല്യങ്ങളും ബാങ്ക് അക്കൗണ്ടുകൾ വഴിയാണ് നല്കി വരുന്നത്. പട്ടികവർഗ്ഗക്കാരുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി വകയിരുത്തുന്ന തുക അവരുടെ ക്ഷേമ പ്രവർത്തനങ്ങൾക്ക് തന്നെ ചെലവഴിക്കുന്നുവെന്ന് കൃത്യമായി മോണിട്ടർ ചെയ്യുന്നതിന് ജില്ലാകളക്ടർ അദ്ധ്യക്ഷനായി സ്ഥലം എം.എൽ.എ.മാർ ഉൾപ്പെടുന്ന കമ്മിറ്റിയും, ഡിസ്ട്രിക്റ്റ് ഡെവലപ്പ്മെന്റ് കമ്മിറ്റിയും |

| | | | |
|---|---|---|---|
| | | | നിലവിലുണ്ട്. ഇതിനു പുറമെ സംസ്ഥാന തലത്തിൽ ബഹു.മന്ത്രിയുടെ അദ്ധ്യക്ഷതയിലും പദ്ധതി വിലയിരുത്തി വരുന്നു. സർക്കാർ ഉത്തരവ് (സാധാ) നം.1013/2012/പജപവവിവ തീയതി 17/07/2012 പ്രകാരം പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ ചെയർമാനായും ജോയിന്റ് ഡയറക്ടർ കൺവീനറും ഡെപ്യൂട്ടി ഡയറക്ടർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ, ജില്ലാ ഓഫീസർമാർ എന്നിവർ അംഗങ്ങളുമായി രൂപീകരിച്ച കമ്മിറ്റി സംസ്ഥാന തലത്തിൽ പദ്ധതി വിനിയോഗം വിലയിരുത്തുന്നുണ്ട്. പദ്ധതി നടത്തിപ്പിന്റെ സാമ്പത്തിക ഭൗതിക നേട്ടങ്ങൾ ജില്ലാ ഓഫീസർമാർ നേരിട്ട് വിലയിരുത്തുകയും ജില്ലാകളക്ടറുടെ അദ്ധ്യക്ഷതയിൽ ജില്ലാതലത്തിൽ ചേരുന്ന ജില്ലാ വികസന സമിതി യോഗത്തിലും ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റിയിലും വിലയിരുത്തുന്നുണ്ട്. ഡയറക്ടറേറ്റിൽ നിന്നുള്ള നിയന്ത്രണ ഉദ്യോഗസ്ഥർ എല്ലാ ജില്ലകളിലും സന്ദർശനം നടത്തി പുരോഗതി വിലയിരുത്തുന്നു. |
| (ഡി) | സർക്കാരിന്റെ കടുത്ത സാമ്പത്തിക പ്രതിസന്ധി പട്ടികവർഗ്ഗ വിഭാഗത്തിന്റെ ക്ഷേമപ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് എന്തെങ്കിലും വിഘാതം സൃഷ്ടിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ; | (ഡി) | സർക്കാരിന്റെ കടുത്ത സാമ്പത്തിക പ്രതിസന്ധി പട്ടികവർഗ്ഗ വിഭാഗത്തിന്റെ ക്ഷേമപ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് വിഘാതം സൃഷ്ടിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല |

സെക്ഷൻ ഓഫീസർ